*ഖുത്ബ*
*12.09.2008*
*ബൈത്തുല്‍ ഫുതൂഹ്, ലണ്ടന്‍*

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

# ശഹീദിന്റെ രക്തം ഒരിക്കലും പാഴാകില്ല.

يَا أَيُّهَا الَّذِينَ
آمَنُوا اسْتَعِينُوا بِالصَّبْرِ وَالصَّلَاةِ إِنَّ اللَّهَ مَعَ الصَّابِرِينَ ○
وَلَا تَقُولُوا لِمَنْ يُقْتَلُ فِي سَبِيلِ اللَّهِ أَمْوَاتٌ بَلْ أَحْيَاءٌ وَلَٰكِنْ
لَا تَشْعُرُونَ ○ وَلَنَبْلُوَنَّكُمْ بِشَيْءٍ مِنَ الْخَوْفِ وَالْجُوعِ
وَنَقْصٍ مِنَ الْأَمْوَالِ وَالْأَنْفُسِ وَالثَّمَرَاتِ وَبَشِّرِ الصَّابِرِينَ
الَّذِينَ إِذَا أَصَابَتْهُمْ مُصِيبَةٌ قَالُوا إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ ○
أُولَٰئِكَ عَلَيْهِمْ صَلَوَاتٌ مِنْ رَبِّهِمْ وَرَحْمَةٌ وَأُولَٰئِكَ
هُمُ الْمُهْتَدُونَ ○ (2: 154-158)

ഈ വചനങ്ങളുടെ അര്‍ത്ഥം ഇപ്രകാരമാണ്.

'വിശ്വസിച്ചവരെ! നിങ്ങള്‍ സഹനവും പ്രാര്‍ത്ഥനയും വഴി സഹായം തേടുവിന്‍. നിശ്ചയമായും അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു. അല്ലാഹുവിന്റെ മാര്‍ഗത്തില്‍ വധിക്കപ്പെട്ടവരെ സംബന്ധിച്ച് മരിച്ചവര്‍ എന്ന് നിങ്ങള്‍ പറയരുത്. അല്ല(അവര്‍) ജീവിച്ചിരിക്കുന്നവരാണ്. പക്ഷെ നിങ്ങള്‍ അത് ഗ്രഹിക്കുന്നില്ലെന്നുമാത്രം.'

അല്‍പമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. തങ്ങള്‍ക്ക് വല്ല ആപത്തും നേരിടുമ്പോള്‍ (പരിഭ്രമിക്കാതെ) 'നിശ്ചയമായും ഞങ്ങള്‍ അല്ലാഹുവിനുള്ളവരും അവങ്കലേക്ക് തന്നെ മടങ്ങുന്നവരുമാകുന്നു' എന്നു പറയുന്ന സഹനശീലര്‍ക്ക് നീ സുവാര്‍ത്ത അറിയിക്കുക.

അവര്‍ക്കാണ് തങ്ങളുടെ നാഥനില്‍നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുക. സന്മാര്‍ഗം പ്രാപിച്ചിട്ടുള്ളവരും അവര്‍ തന്നെ. (2: 154-158)

കഴിഞ്ഞ ദിവസങ്ങളില്‍ നടന്ന നമ്മുടെ സഹോദരന്മാരുടെയും സുഹൃത്തുക്കളുടെയും ശഹാദത്തിനെക്കുറിച്ചാണ് പറയാന്‍ പോകുന്നത് എന്ന കാര്യം ഞാന്‍ ഓതി കേള്‍പ്പിച്ച ആയത്തുകളില്‍ നിന്ന് നിങ്ങള്‍ മനസ്സിലാക്കിയിരിക്കും. സഹനം, ദുആ, ശഹാദത്തിന്റെ ഉന്നതസ്ഥാനം, പരീക്ഷണങ്ങളുണ്ടാകുമ്പോള്‍, അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കുന്നതില്‍ ശ്രദ്ധിക്കുമ്പോള്‍, അല്ലാഹുവില്‍നിന്ന് അനുഗ്രഹങ്ങള്‍ കരസ്ഥമാക്കാന്‍ കഴിയും. ഇവയെക്കുറിച്ചാണ് ഈ വചനങ്ങളില്‍ അല്ലാഹു പ്രതിപാദിക്കുന്നത്. ഒരു വിശ്വാസി യഥാര്‍ത്ഥ വിശ്വാസിയാണെന്ന് കാണിക്കുന്നതിന്റെ ചൂണ്ടുപലകകളാണിവ. ഞാന്‍ ഓതിക്കേള്‍പ്പിച്ച ആദ്യത്തെ വചനത്തില്‍ അല്ലാഹു പറയുന്നു. വിശ്വാസികളുടെ അടയാളം ഇവയാണ്. പ്രയാസങ്ങള്‍ നേരിടേണ്ടിവരുമ്പോള്‍ അവര്‍ പരിഭ്രമിക്കില്ല. മറിച്ച് എല്ലാ പ്രയാസങ്ങളും അവരെ അല്ലാഹുവിലേക്ക് തിരിക്കുന്നു. ഒരു വിശ്വാസിയുടെ ശ്രദ്ധ എപ്പോഴും അല്ലാഹുവിലേക്ക് തന്നെയാണ് തിരിയേണ്ടതും. വല്ല പ്രയാസവും നേരിട്ടാല്‍ ഒരു വിശ്വാസിയുടെ പ്രതികരണം **'ഇസ്തഈനൂ ബിസ്വബ്‌രി വസ്വലാത്ത്'** എന്നതായിരിക്കണം. സഹനത്തോടും പ്രാര്‍ത്ഥനമുഖേനയും അല്ലാഹുവിനോട് സഹായം അര്‍ത്ഥിക്കുക. ഇവിടെ ഒരു സത്യവിശ്വാസിയെ അല്ലാഹു ജാഗ്രതപ്പെടുത്തുകയാണ് ചെയ്യുന്നത്. നിങ്ങള്‍ക്ക് പ്രയാസങ്ങള്‍ അഭിമുഖീകരിക്കേണ്ടതായിവരും. ബുദ്ധിമുട്ടുകള്‍ സഹിക്കേണ്ടതായും വരും. ഇങ്ങിനെയുള്ള ഘട്ടങ്ങളില്‍ ഇവയെല്ലാം സഹനത്തോടുകൂടി നേരിടുകയും വെപ്രാളപ്പെടാതിരിക്കുകയും അല്ലാഹുവിനെ ആക്ഷേപിക്കാതിരിക്കുകയും ഇവയെ ദൂരീകരിക്കാന്‍ മനുഷ്യരുടെ മുമ്പില്‍ കുനിയാതെ അല്ലാഹുവിന്റെ മുമ്പില്‍ മാത്രം കുനിയുകയും അവനോട് മാത്രം സഹായം തേടുകയും ചെയ്യുക എന്നത് നിങ്ങളുടെ വിശ്വാസം സുദൃഢമാണെന്നുള്ളതിനുള്ള തെളിവാണ്. സ്ഥിരചി

ത്തതക്കും കാലിടറാതിരിക്കുന്നതിനുംവേണ്ടി അല്ലാഹുവിനോട് സഹായം അർത്ഥിച്ചുകൊണ്ട് അല്ലാഹു മുഅ്മിനീങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന പ്രവർത്തനങ്ങളിൽ നിലയുറപ്പിക്കുക. തൗഹീദിനെ ലോകത്ത് നിലനാട്ടുകയും തിരുനബി(സ)ന്റെ അദ്ധ്യാപനങ്ങളെ ലോകത്ത് പ്രചരിപ്പിക്കുകയും കാലത്തിന്റെ ഇമാമിനാൽ സ്ഥാപിതമായ ജമാഅത്തിൽ ജനങ്ങളെ പ്രവേശിപ്പിച്ച് അവർക്ക് യഥാർത്ഥ ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക എന്നതാണ് ഈ പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങൾക്കായി ഒരു പക്ഷെ നിങ്ങൾക്ക് നിങ്ങളുടെ ജീവനും ധനവും ഈ മാർഗത്തിൽ ത്യജിക്കേണ്ടതായിവന്നേക്കാം. ആത്മീയമായ പീഢനങ്ങളും നിങ്ങൾക്ക് നേരിടേണ്ടതായി വന്നേക്കാം. എന്താണ് ആത്മീയ പീഡനം? നമുക്ക് കലിമ ചൊല്ലുന്നതിൽ വിലക്കാണ്. നമസ്കരിക്കുന്നതിന് വിലക്കാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ മോശമായ പേരുകളിലാണ് അഭിസംബോധന ചെയ്യുന്നത്. ശാരീരികവും സാമ്പത്തികവുമായ പീഢനങ്ങളെ പോലെയുള്ള പീഢനങ്ങളാണിവയെല്ലാം. ഈ എല്ലാ പ്രയാസങ്ങളെയും ഓർമ്മപ്പെടുത്തികൊണ്ട് ഇങ്ങനെയുള്ള പ്രയാസങ്ങൾക്ക് തയ്യാറായിരിക്കണം എന്ന് ഒരു വിശ്വാസിയെ ഉണർത്തിയതിനുശേഷം അല്ലാഹു പറയുന്നു. നിങ്ങൾ സഹനം കൈകൊണ്ട് സധൈര്യം ഈ പ്രയാസങ്ങളെ അതിജീവിക്കുകയാണെങ്കിൽ അല്ലാഹു എപ്പോഴും നിങ്ങളോടൊപ്പമുണ്ടായിരിക്കുന്നതാണ്. അവൻ ഒരിക്കലും നിങ്ങളെ കയ്യൊഴിയുകയില്ല. അല്ലാഹു ഇങ്ങനെയുള്ള സഹനശീലരോടൊപ്പമാണുണ്ടാവുക. ഇവർക്ക് തന്നെയായിരിക്കും അന്തിമവിജയം.

ജീവൻ ബലിയർപ്പിക്കുന്നവരുടെ സ്ഥാനത്തെക്കുറിച്ച് അല്ലാഹു പറയുന്നു. 'ദീനിനുവേണ്ടി തന്റെ ജീവൻ കാണിക്ക നൽകുന്നവരുടെ സ്ഥാനം അല്ലാഹുവിന്റെ പക്കൽ വളരെ ഉന്നതമാണ്.' നിങ്ങളെ വധിച്ചുകൊണ്ട് എണ്ണത്തിലും കുറവ് വരുത്താനാകുമെന്നാണ് ശത്രുക്കൾ കണക്കുകൂട്ടുന്നത്. എന്നാൽ പ്രപഞ്ചത്തിന്റെ ഉടമസ്ഥനായ അല്ലാഹു പറയുന്നു ഞാൻ നിങ്ങളുടെ കൂടെയുണ്ട് എന്ന്. മതത്തിനു വേണ്ടിയുള്ള ഒന്നോ രണ്ടോ വ്യക്തികളുടെ മരണം ഒരു ജമാഅത്തിനെ ഒരിക്കലും തളർത്തിക്കളയുകയില്ല. ഒരു വ്യക്തി ഈ ലോകത്ത് മരിക്കുമ്പോൾ പരലോകത്ത് അദ്ദേഹം പ്രതിഫലം കരസ്ഥമാക്കുന്നു. അതുകൊണ്ട് ഇരുലോകപ്രപഞ്ചത്തിന്റെയും നാഥനായ അല്ലാഹു പറയുന്നു ഒരു വ്യക്തിയുടെ മരണം എത്രയോ പേരുടെ ജീവന് കാരണമായിത്തീരുന്നതാണ് എന്ന്. ഒരു ശഹാദത്തും വിശ്വാസികളെ ഭയചകിതരാക്കുന്നില്ല. മറിച്ച് വിശ്വാസത്തിൽ കുറവുള്ളവരെ അത് തട്ടിയുണർത്തുകയും അവരുടെ വിശ്വാസ ദൃഢീകരണത്തിന് ഇത് കാരണമായിത്തീരുകയും ചെയ്യുന്നു. ഭീരുക്കളാകുന്നതിനു പകരം ധീരരാക്കി ശത്രുക്കളുടെ നേരെ നെഞ്ചുവിരിച്ച് നിൽക്കാൻ അനേകർക്ക് കരുത്തേകുന്നു. ശത്രുവിന്റെ നേർക്ക് അവർ ഇപ്രകാരം ഗർജിക്കുന്നവരായിത്തീരുന്നു. അൽപജ്ഞാനികളെ! ഒരാളെ വധിച്ചതുകൊണ്ട് ഞങ്ങളെ ബലഹീനരാക്കി എന്നു നിങ്ങൾ കരുതുന്നുണ്ടോ? എന്നാൽ ഈ ഒരു വധം ദീനിന് വേണ്ടി സർവ്വവും ത്യജിക്കാൻ തയ്യാറാകുന്ന ഒരു നവജീവൻ ഞങ്ങൾക്ക് പ്രദാനം ചെയ്യുകയാണ് ചെയ്തത്.

കഴിഞ്ഞ ദിവസം ഡോക്ടർ അബ്ദുൾ മന്നാൻ സിദ്ദീഖി സാഹിബ് ശഹീദാക്കപ്പെടുകയുണ്ടായി. ആ സമയത്ത് പലരും കത്തിലൂടെയും നേരിട്ടും എന്നോട് പറഞ്ഞത് ജമാഅത്തിന് വേണ്ടി എവിടെയാണോ ഞങ്ങളുടെ രക്തത്തിന്റെ ആവശ്യമുള്ളത്, എത്ര അപകടം പിടിച്ച സ്ഥലത്താണെങ്കിലും ശരി അഹ്മദികളുടെ രക്തത്തിന്റെ ആവശ്യമുണ്ടെങ്കിൽ ഞങ്ങൾ അതിന് തയ്യാറാണ് എന്നാണ്, അതിനുള്ള അവസരം അല്ലാഹു ഞങ്ങൾക്ക് നൽകണേ എന്നാണ്. അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരെയും ഏതൊരവസ്ഥയിലും അവന്റെ ഇഷ്ടത്തിൽ തൃപ്തരായിക്കഴിയുന്നവരേയും മരണങ്ങൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ലെന്ന മുന്നറിയിപ്പ് നൽകാനാണ് ഈ വിധ ത്യാഗത്തിന്റെ മാതൃകകൾ നിലനാട്ടപ്പെടുന്നത്. ഇങ്ങനെയുള്ള മരണം വരിക്കുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നത് അവർ മരിച്ചവരല്ല, നിത്യജീവൻ കരഗതമാക്കിയവരാണെന്നാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാകുന്നവർ തങ്ങളുടെ പിൻഗാമികളായ വിശ്വാസികളുടെ വിശ്വാസത്തിൽ നവോന്മേഷം പകർന്ന് കൊണ്ട് അവർക്ക് പുതുജീവൻ നൽകുന്നു. ഇവർ ആ ശുഅദാക്കളുടെ ആത്മീയ ഉയർച്ചക്ക് വേണ്ടി പ്രാർത്ഥിക്കുകയും അങ്ങിനെ അവരുടെ ആത്മീയ നില ഉയരുകയും ചെയ്യുന്നു. പരലോ

കജീവിതം ഭാസുരമാകുന്ന പ്രവർത്തനങ്ങൾ ഈ ലോകത്ത് ചെയ്യുക എന്നത് തന്നെയാണ് ഒരു വിശ്വാസിയുടെ ജീവിത ലക്ഷ്യം. അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവർ മരിച്ചവരല്ലെന്നും അവർ ജീവിച്ചിരിക്കുന്നവരാണെന്നുമുള്ള സ്ഥായിയായ പ്രഖ്യാപനവും അല്ലാഹു നടത്തുന്നു. അല്ലാഹുവിന്റെ സാമീപ്യം കരഗതമാകുന്ന ആ സ്ഥാനം അവർ ഉടനെത്തന്നെ കരസ്ഥമാക്കുന്നു.

എല്ലാവരും ഒരുനാൾ മരിക്കും. എന്നാൽ ഉൽകൃഷ്ടമായ ആ പദവി പെട്ടെന്ന് ആർക്കും കരസ്ഥമാക്കാൻ കഴിയില്ല. മരിക്കുന്ന ഓരോരുത്തരും ഒരു മധ്യമനിലയിലാണ് ഉണ്ടാവുക. എന്നാൽ ശുഹദാക്കളെക്കുറിച്ച് അല്ലാഹു പറയുന്നത്, അവർക്ക് ഉടനടി ഉന്നതജീവിതം കരഗതമാകുന്നു എന്നാണ്. ഒരു ഹദീസിൽ തിരുനബി(സ) ഇപ്രകാരം അരുളിയതായി വന്നിട്ടുണ്ട്. അല്ലാഹുവിന്റെ പക്കൽ ശഹീദിന് ആറ് ശ്രേഷ്ഠതകളാണുള്ളത്. ഒന്ന്, ശഹീദിന്റെ ആദ്യ തുള്ളി രക്തം വീഴുമ്പോൾ തന്നെ അദ്ദേഹത്തിന്റെ എല്ലാ തിന്മകളും പൊറുക്കപ്പെടുന്നതാണ്. രണ്ട്, സ്വർഗ്ഗത്തിൽ തന്റെ സ്ഥാനം അവർ ഉടനെ കാണും. മൂന്ന്, കബറിലെ ശിക്ഷയിൽ നിന്ന് അവർ സുരക്ഷിതരായിരിക്കും. നാല്, അവർ വലിയ മനഃപ്രയാസങ്ങളിൽനിന്ന് മോചിതരായിരിക്കും. അഞ്ച്, ആകാശഭൂമികളെക്കാളും അമൂല്യമായ ആദരവിന്റെ പ്രതീകമായ കിരീടം അവരെ അണിയിക്കും. ആറ്, അവരുടെ എഴുപത് ബന്ധുക്കൾക്ക് ശുപാർശക്കുള്ള അനുവാദം നൽകുന്നതാണ്. ഇതാണ് ഒരു ശഹീദിന്റെ ഉന്നതസ്ഥാനം.

മരിക്കുന്ന ഓരോരുത്തരും ഒരു മധ്യമ അവസ്ഥയിലൂടെ കടന്നതിനുശേഷമാണ് അവരുടെ ഉന്നതസ്ഥാനം കരസ്ഥമാക്കുന്നത്. ചിലർ പെട്ടെന്ന് കരസ്ഥമാക്കുന്നു. മറ്റു ചിലർ കുറെ വൈകി കരസ്ഥമാക്കുന്നു.

**'അഹ്‌യാഅ്'** **'ഹയ്യും'** എന്നതിന്റെ ബഹുവചനമാണ്. പ്രവർത്തനങ്ങളൊന്നും പാഴാകുകയില്ല എന്നാണ് ഇതിന്റെ ഒരർത്ഥം. **'അഹ്‌യാഅ്'** എന്നതിന്റെ മറ്റൊരർത്ഥം പ്രതികാരം ചെയ്യുക എന്നതുമാണ്. ഇവിടെ അല്ലാഹു ശത്രുക്കളോട് പറയുന്നത്. ഒരു ജീവൻ അവസാനിപ്പിച്ച് നിങ്ങൾ കരുതുന്നത് ഞങ്ങൾ വലിയ പുണ്യമാണ് ചെയ്തതെന്നാണ്. ഇതുമൂലം ജമാഅത്തിനെ ഞങ്ങൾ തളർത്തിയിരിക്കുന്നു എന്നും. എന്നാൽ നിങ്ങൾ ഒരു കാര്യം ഓർക്കണം. മരിച്ച വ്യക്തി ശഹാദത്ത് വരിച്ച് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ശഹാദത്തിന് പ്രതികാരമില്ലാതെ വിട്ടുകളയും എന്ന് നിങ്ങൾ കരുതണ്ട. അതുകൊണ്ട് ശ്രദ്ധിച്ചു കേൾക്കുക. ശഹീദിന്റെ ഒരു തുള്ളി രക്തം പോലും ഇതുവരെ പാഴായിട്ടില്ല. ഇനിയൊട്ട് പാഴാകുകയുമില്ല. ഇന്നും ഓരോ ശഹീദിന്റെയും ഓരോ തുള്ളി രക്തത്തിനും അല്ലാഹു സ്വയം പ്രതികാരം ചെയ്യുന്നതായിരിക്കും. അല്ലാഹു പറയുന്നു. **'വലാക്കിൻ ലാതശ്ഉറൂൻ'** ഭൗതികർക്ക് ഇക്കാര്യങ്ങൾ ഗ്രഹിക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ വചനങ്ങൾ പാരായണം ചെയ്യുന്നവരായിട്ടും മുസ്‌ലിംകളാണെന്നു പറഞ്ഞിട്ടും ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് നിങ്ങൾ അല്ലാഹുവിന്റെ കോപത്തെയാണ് മാടിവിളിക്കുന്നത്.

അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു.

**'വമൻ യക്തുൽ മുഅ്മിനൻ മുതഅമ്മിദൻ ഫജസാഉഹ ജഹന്നമുഖാലിദൻ ഫീഹാ ഗളിബല്ലാഹു അലൈഹി വലഅനഹൂ വഅഅദ്ദലഹൂ അദാബൻ അളീമാ'**

ഒരു വിശ്വാസിയെ മനഃപ്പൂർവം ആരാണോ വധിക്കുന്നത് അവർക്കുള്ള പ്രതിഫലം നരകമായിരിക്കും. അതിൽ ഒരു ദീർഘകാലം അവർ വസിക്കുന്നതാണ്. അല്ലാഹു അവരോട് കോപിക്കുകയും. തന്നിൽ നിന്നും അവരെ അകറ്റുന്നതുമാണ്. അവർക്ക് വലിയ ശിക്ഷ ഒരുക്കുന്നതുമാണ്.

ഒരു വിശ്വാസിയുടെ സ്ഥാനമെന്താണെന്ന് തിരുനബി(സ)യും നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. ഒരു ഹദീസിൽ ഇപ്രകാരം വരുന്നു. ഹ: ഉസാമ ഇബ്നു സൈദ്(റ)ഉം ഒരു അൻസാരിയും ഒരവസരത്തിൽ ഒരു ശത്രുവിനെ പിന്തുടർന്നു. അവസാനം അയാളെ ഇവർ കീഴ്പ്പെടുത്തിയപ്പോൾ അയാൾ ഉടനെ കലിമ ചൊല്ലി. ഹദ്റത്ത് ഉസാമ(റ) പറയുന്നു. അൻസാരി സഹോദരൻ അദ്ദേഹത്തെ വധിക്കുന്നതിൽ നിന്നും വിട്ടുനിന്നു. ഞാൻ അയാളെ വധിക്കുകയും ചെയ്തു. തിരിച്ചുവരുമ്പോൾ തിരുനബി(സ)ന്റെ മുമ്പിൽ ഇക്കാര്യം

പരാമർശിക്കുകയുണ്ടായി. തിരുനബി(സ) ചോദിച്ചു. ഉസാമാ! കലിമ ചൊല്ലിയതിനുശേഷവും നീ അയാളെ വധിച്ചുകളഞ്ഞോ? ഈ ചോദ്യം തിരുനബി പലവുരു ആവർത്തിക്കുകയുണ്ടായി. അപ്പോൾ ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! അയാൾ ഞങ്ങളുടെ വാളിനെ ഭയന്നാണ് കലിമ ചൊല്ലിയത്. തിരുനബി (സ) ചോദിച്ചു. അദ്ദേഹം ഹൃദയാത്മനാ പറഞ്ഞതാണോ അതോ വാളിന്റെ ഭയം നിമിത്തം പറഞ്ഞതാണോ എന്ന് മനസ്സിലാക്കാൻ നീ അയാളുടെ ഹൃദയം പിളർത്തിനോക്കിയിരുന്നോ? ഇതുകേട്ടപ്പോൾ ഉസാമ പറയുകയാണ്. ഇതിനു മുമ്പ് മുസ്‌ലിം ആയിരുന്നില്ലെങ്കിൽ എത്ര നന്നായേനെ എന്ന് ഞാൻ ആഗ്രഹിച്ചുപോയി.

മറ്റൊരു രിവായത്തിൽ അബീമാലിക്ക് തന്റെ പിതാവിൽനിന്നും നിവേദനം ചെയ്യുന്നു. ഞാൻ തിരുനബി(സ) പറയുന്നതായി കേട്ടു. അല്ലാഹു അല്ലാതെ മറ്റൊരാധ്യനില്ലെന്ന് ഏറ്റു പറയുകയും അല്ലാഹുവിനെ കൂടാതെ ആരാധിക്കപ്പെടുന്നവയെ നിരാകരിക്കുകയും ചെയ്തവരുടെ ജീവനും സമ്പത്തും സംരക്ഷിക്കപ്പെടേണ്ടതാണ്. ഇനി അവരുടെ കണക്കെടുപ്പ് അത് അല്ലാഹുവിന്റെ കൈകളിലാണ്.

അഹ്മദികൾ കലിമയുടെ ആദ്യഭാഗം അഥവാ ലാഇലാഹ ഇല്ലല്ലാഹ് എന്നതിൽ മാത്രമാണ് വിശ്വസിക്കുന്നതെന്നും അതിന്റെ രണ്ടാം ഭാഗമായ മുഹമ്മദു റസൂലുല്ലാഹിൽ വിശ്വസിക്കാത്തവരാണെന്നും അതുകൊണ്ട് അഹ്മദികൾ വധാർഹരാണെന്ന് പറഞ്ഞ് ജനങ്ങളെ വഴിതെറ്റിക്കുന്ന ഈ പണ്ഡിതവർഗത്തോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത് ഇതാണ്. ഞങ്ങളുടെ ഹൃദയത്തിലുള്ളത് എന്താണെന്നറിയാൻ നിങ്ങൾ ഞങ്ങളുടെ ഹൃദയം തുറന്നു നോക്കിയിട്ടുണ്ടോ? തിരുനബി(സ)യുടെ മഹത്വം എന്താണെന്നും ഖത്മുന്നുബുവ്വത്തിന്റെ യാഥാർ ത്ഥ്യം എന്താണെന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ) ഞങ്ങൾക്ക് പഠിപ്പിച്ചു തന്നതിന്റെ കോടിയിലൊരംശം പോലും അറിവ് ഈ മുല്ലമാർക്കില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖത്മുന്നുബുവ്വത്തിന്റെ സ്ഥാനം വിവരിച്ചുകൊണ്ട് പറയുന്നു.

ഖാത്തമുൽ അമ്പിയാ (സ) ന്റെ സ്ഥാനം എന്തു മാത്രം ആദരണീയമാണ്. ഈ സത്യസ്വരൂപനായ പ്രഭാകരന്റെ പ്രകാശകിരണങ്ങൾ എന്തു മാത്രം പ്രഭാവിതമാണെന്ന് നോക്കുക. അദ്ദേഹത്തെ പിൻപറ്റുന്നതുകൊണ്ട് ഒരാൾക്ക് യഥാർത്ഥ വിശ്വാസിയുടെ പദവി ലഭിക്കുമ്പോൾ മറ്റൊരാളെ അത് ആരിഫിന്റെ പദവിയിലെത്തിക്കുന്നു. വേറെ ചിലർക്ക് ആയത്തുല്ലായുടെയും ഹുജ്ജത്തുല്ലായുടെയും (അല്ലാഹുവിന്റെ അടയാളം) സ്ഥാനം നൽകി അനുഗ്രഹിക്കുന്നു.

വീണ്ടും അദ്ദേഹം പറയുന്നു. പരിപൂർണ്ണനായ മനുഷ്യനും പരിപൂർണ്ണനായ നബിയുമായ അവിടന്ന് പൂർണ്ണ അനുഗ്രഹങ്ങളോടുകൂടി ആവിർഭവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആത്മീയപ്രതാപം മുഖേന ലോകത്ത് ആദ്യത്തെ ഖിയാമത്ത് സംഭവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വരവോടുകൂടി മരിച്ചുകിടന്ന ഒരു പ്രപഞ്ചം തന്നെ ജീവിക്കുകയും ചെയ്തു. ആ അനുഗൃഹീത നബി, ഹദ്റത്ത് ഖാത്തമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയാ ഖാത്മുൽ മുർസലിൻ ഫഖറുന്നബിയ്യിൻ, ജനാബ് മുഹമ്മദ് മുസ്തഫ (സ) ആണ്. ഞങ്ങളുടെ നാഥാ! നീ ലോകാരംഭം മുതൽ ഇതേവരെ ആർക്കും നൽകാത്തത്ര അനുഗ്രഹങ്ങൾ ഈ പ്രവാചകനിൽ ചൊരിയേണമേ.

വീണ്ടും പറയുന്നു. തിരുനബിയെ പിൻപറ്റുന്നതുമൂലവും അദ്ദേഹത്തോടുള്ള സ്നേഹവും കാരണമായി റൂഹുൽ ഖുദുസ്സിന്റെയും അല്ലാഹുവിന്റെ ഭാഷണത്തിന്റെയും ആത്മീയ അനുഗ്രഹങ്ങൾ ഞങ്ങൾ കരഗതമാക്കുന്നു.

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഹൃദയത്തിൽ തിരുനബിയ്ക്കുള്ള സ്ഥാനം. എന്നാൽ ഇന്നത്തെ കുഴപ്പക്കാരും ദുഷ്പ്രകൃതക്കാരുമായ മുല്ലാക്കൾ പറയുന്നത് അഹ്മദികൾ തിരുനബിയെ അവസാനത്തെ നബിയായി അംഗീകരിക്കുന്നില്ലെന്നും അത്കൊണ്ട് ഇസ്‌ലാമിക വൃത്തത്തിൽ നിന്നും അവർ പുറത്താണെന്നും അവരെ വധിച്ചുകളയണം എന്നുമാണ്. മീഡിയകൾ മുഖേന ഇത് പ്രചരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവും അവന്റെ റസൂലും ഇവർക്ക് അനുവാദം നൽകാത്ത പ്രവർത്തനങ്ങളാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ അക്രമങ്ങളെല്ലാം ചെയ്തുകൂട്ടുന്നത് അല്ലാഹുവിന്റെയും റസൂലിന്റെയും പേരിലുമാണ് എന്നതാണ് കഷ്ടം. റസൂലിനെ പിൻപ

റ്റിയതുകാരണം നാം അടയാളങ്ങളാൽ അനുഗൃഹീതരാണ്. അതുകൊണ്ട് ഇനിയെങ്കിലും ഫിത്നകളിൽനിന്നും, അഹ്മദികളെ ആക്രമിക്കുന്നതിൽ നിന്നും പിൻമാറുന്നില്ലെങ്കിൽ **ഉംലീലഹും ഇന്നകൈദിമതീൻ** എന്ന അടയാളം ഇന്നലെ വെളിപ്പെട്ടതുപോലെ ഇന്നും വെളിപ്പെടുന്നതാണെന്ന് ഓർക്കുക.

അതുകൊണ്ട് അല്ലാഹു അൽപം അവധി നൽകിയത് വിജയമായി ആഘോഷിക്കേണ്ട. ഞങ്ങളുടെ വിശ്വാസം ദൃഢമാണ്. കാലത്തിന്റെ ഇമാമിനെ ഞങ്ങൾ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. തിരുനബിയെ പൂർണ്ണമായും പിൻപറ്റിയതു കാരണം തിരുനബിയുടെ ദാസനായിക്കൊണ്ട് നബിയുടെ സ്ഥാനം നൽകി അദ്ദേഹം അയക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ തീരുമാനം വരുന്നതുവരെ ക്ഷമയോടും സഹനത്തോടും കൂടി നിങ്ങളുടെ മർദ്ദനങ്ങളെ ഞങ്ങൾ സഹിക്കുകയാണ്. കാലത്തിന്റെ ഇമാം ഞങ്ങൾക്ക് നൽകിയിരിക്കുന്ന പാഠമാണിത്. അല്ലാഹു ഞങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതും ഇതു തന്നെ. ഭയം നിമിത്തവും വിശപ്പും ധനനഷ്ടം കൊണ്ടും ആളുകളുടെ നഷ്ടം കൊണ്ടും നിങ്ങളെ പരീക്ഷിക്കുന്നതാണ്. ഈ പരീക്ഷണങ്ങളിൽ നിങ്ങൾ വിജയിക്കുകയാണെങ്കിൽ നിങ്ങൾ സുവാർത്ത നൽകപ്പെടുന്ന ക്ഷമാശീലരുടെ ഗണത്തിൽ ഉൾപ്പെടുന്നതാണ് എന്ന് അല്ലാഹു പറയുന്നു.

അല്ലാഹുവിന്റെ സുവാർത്തകൾ നമ്മോടൊപ്പമുണ്ടായിരിക്കെ നമുക്കുണ്ടാകുന്ന ഭൗതിക നഷ്ടങ്ങളോ ജീവ നഷ്ടങ്ങളോ നമുക്ക് എന്ത് പോറലേൽപ്പിക്കാനാണ്. ഈ പരീക്ഷണങ്ങൾ നമ്മുടെ ആത്മീയ പുരോഗതിക്കൊപ്പം ജമാഅത്തിന്റെ പുരോഗതിക്കും കാരണമായിത്തീരുന്നു. അതുകൊണ്ട് ഈ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുമ്പോൾ അഹ്മദികളും ഭയപ്പെടരുത്. അല്ലാഹു പറയുന്നു. നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുക. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുമ്പോഴൊക്കെ ക്ഷമ പ്രകടിപ്പിച്ചുകൊണ്ട് നിങ്ങളുടെ നാവിൻ തുമ്പിൽനിന്ന് **ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ** എന്ന വചനം മാത്രം പുറത്തുവരട്ടെ. നിശ്ചയമായും ഞങ്ങൾ അല്ലാഹുവിന്റേതു തന്നെയാണ്. നിശ്ചയമായും അവനിലേക്ക് തന്നെയാണ് ഞങ്ങൾ മടങ്ങിപ്പോകേണ്ടതും. ഇത് നമ്മൾ പറയുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നവരായി നാം മാറുന്നതാണ്. എപ്പോഴും നേർമാർഗത്തിൽ അടിയുറച്ചു നിൽക്കുക. വിശ്വാസത്തിൽ വർദ്ധനവുണ്ടാകുന്നതിനായി ശ്രമിക്കുക. എങ്കിൽ അവസാന വിജയം കാണുന്നവരിൽ നമ്മൾ ഉൾപ്പെടുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. സ്ഥിരചിത്തത കാണിക്കുന്നവർക്ക് മാത്രമേ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിക്കുകയുള്ളൂ. അതുകൊണ്ട് നമ്മുടെ ക്ഷമയും സ്ഥിരചിത്തതയുമാണ് **'ഇന്നാഫതഹ്നാ ലക്ക ഫത്ഹൻ മുബീന'** എന്ന ദൃശ്യം കാണാൻ നമ്മെ സഹായിക്കുക.

നമ്മെ എതിർക്കുന്നതും നമ്മെ വേദനിപ്പിക്കുന്നതും നമ്മുടെ സമ്പത്തിന് നഷ്ടം വരുത്തുന്നതും നമ്മുടെ പ്രിയപ്പെട്ടവരെ ശഹീദാക്കുന്നതും എല്ലാം ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചു എന്ന ഒറ്റ കാരണം കൊണ്ടാണ്. അതുകൊണ്ട് നാം സ്ഥിരചിത്തതകാണിക്കുകയും പരീക്ഷണങ്ങളെ അതിജീവിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞ **ഇന്നാ ഫതഹ്നാ ലക ഫത്ഹൻ മുബീനാ** എന്നതിന്റെ ദൃശ്യം നമുക്ക് കാണാൻ സാധിക്കുന്നതാണ്. അതായത് നാം നിനക്ക് ഒരു മഹത്തായ വിജയം നൽകുന്നതാണ്. അത് വളരെ പ്രകടമായ വിജയമായിരിക്കും. സമൂഹങ്ങളുടെ ജീവിതത്തിൽ പരീക്ഷണങ്ങളും പരീക്ഷകളും വരുന്നത് അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളെ അവർക്ക് വെളിപ്പെടുത്തിക്കാണിക്കുന്നതിന്നും അവർക്കായി അടയാളങ്ങൾ പ്രകടമാക്കുന്നതിന് വേണ്ടിയാണിത്. അതുകൊണ്ട് ക്ഷമയോടും പ്രാർത്ഥനയോടും അവന്റെ സഹായം തേടിക്കൊണ്ടിരിക്കുക.

ഈ ശഹാദത്തുകൾക്ക് പിന്നിലും, ചില സ്ഥലങ്ങളിലുള്ള ശക്തമായ എതിർപ്പുകൾക്കു പിന്നിലും **ഇന്നാഫതഹ്നാ ലക ഫത്ഹൻ മുബീന** എന്ന സാന്ത്വനത്തിന്റെ ശബ്ദം കേൾക്കാൻ സാധിക്കുന്നുണ്ട്. ശത്രുക്കളെ ഒരിക്കലും സന്തോഷിക്കാൻ അല്ലാഹു വിടുന്നതല്ല. അവരുടെ സന്തോഷങ്ങൾ വെറും താത്കാലികം മാത്രം. ഏതൊരു അഹ്മദിയുടെ ശഹാദത്ത് ഇതുവരെയും ഫലദായകമായിട്ടേ ഉള്ളൂ. ഇന്നും ഫലദായകമാകുന്നതാണ്. ശത്രുവിന്റെ നാശം മുമ്പും നാം കണ്ടതാണ്. **'വഅഖദഹുമുല്ലാഹു ബിദുനൂബിഹിം**

**വമാകാനലഹും മിനല്ലാഹി മിൻ വാക്.'** അല്ലാഹു അവരേയും അവരുടെ തിന്മകൾ കാരണമായി പിടിച്ചു. അല്ലാഹുവിൽ നിന്നും അവരെ രക്ഷിക്കാൻ ആരും ഉണ്ടായിരുന്നില്ല എന്ന അല്ലാഹുവിന്റെ വചനം ഇന്നും നമുക്ക് സാന്ത്വനം നൽകിക്കൊണ്ടിരിക്കുന്നു. മുമ്പ് ശത്രുക്കളെ പിടിച്ച അതേ ജീവനുള്ള അല്ലാഹുവാണ് ഇന്നും നമ്മുടെ ദൈവം. നമ്മുടെ പ്രിയ ദൈവത്തിന്റെ വാഗ്ദാനങ്ങൾ സത്യമായി പുലരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്തിരിക്കുന്ന വാഗ്ദാനങ്ങൾ അവൻ തീർച്ചയായും പൂർത്തിയാക്കുന്നതാണ്. അല്ലാഹു വിശ്വാസികൾക്ക് ആശ്വാസം നൽകുന്നതിന് അടയാളങ്ങൾ പലപ്രാവശ്യം കാണിച്ചിട്ടുണ്ട്. ഭാവിയിലും അല്ലാഹു കാണിക്കുന്നതാണ്. നമ്മുടെ ജോലി വിശ്വാസത്തിൽ സ്ഥിരചിത്തരാവുക എന്നതാണ്. ജമാഅത്തിനോട് കൂറു പുലർത്തിക്കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ജീവൻ സമർപ്പിച്ച നിങ്ങളുടെ സഹോദരന്മാരുടെ നന്മകൾ നിലനിർത്താൻ നിങ്ങൾ ശ്രമിക്കുക.

ശുഹദാക്കളെ കുറിച്ചുള്ള ചെറു വിവരണം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യത്തെ വ്യക്തി നമ്മുടെ പ്രിയങ്കരനായ സഹോദരൻ ഡോക്ടർ അബ്ദുൽ മന്നാൻ സിദ്ദീഖി അവർകളാണ്. മെയ് 27ന് ശേഷമുള്ള ആദ്യത്തെ ശഹാദത്താണ് അദ്ദേഹത്തിന്റേത്. തന്റെ ജീവിതം അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിച്ചുകൊണ്ട് ഈ മഹാനായ ശഹീദ് തെളിയിച്ചിരിക്കുന്നത് ഖിലാഫത്തെ അഹ്മദിയ്യായുടെ രണ്ടാം നൂറ്റാണ്ടിലും ഞങ്ങളുടെ വിശ്വാസം സുദൃഢമാണെന്നാണ്. ജമാഅത്തിന് വേണ്ടി മുമ്പുള്ളവർ ജീവൻ നൽകിയതുപോലെ ഇപ്പോഴും ജീവൻ നൽകാൻ ഞങ്ങൾ തയ്യാറാണ്. ഇദ്ദേഹത്തിന് 46 വയസ്സായിരുന്നു. ഇദ്ദേഹത്തിന്റെ യുവത്വത്തിലുള്ള ഈ മരണം യുവതലമുറയ്ക്ക് വലിയ ഒരാവേശമാവും ഒരു പാഠവുമാണ് നൽകിയിരിക്കുന്നത്. നിങ്ങളുടെ ജീവൻ പോയാലും ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ചെയ്തിരിക്കുന്ന ബൈഅത്തിന് ഒരു നൂനവും പറ്റാതെ നിങ്ങൾ സൂക്ഷിക്കണം എന്നതാണ് ആ പാഠം. നിങ്ങൾ അഹ്മദിയ്യാ ഖിലാഫത്തിന്റെ സംരക്ഷണത്തിനായി ഏതു വിധ ത്യാഗത്തിനും സന്നദ്ധരായിരിക്കുക.

അബ്ദുൽ മന്നാൻ സിദ്ദീഖി സാഹിബ് വളരെ പ്രിയങ്കരമായ വ്യക്തിത്വമായിരുന്നു. ആത്മാർത്ഥതയിലും കൂറിലും മുന്തിനിന്നിരുന്നു. സിന്ധ് യാത്രയിലും ഞാൻ നാസിർ അഅ്ലാ ആയിരുന്നപ്പോഴുമെല്ലാം അദ്ദേഹവുമായി എനിക്ക് വ്യക്തിപരമായ അടുപ്പം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തോട് ഞങ്ങൾക്ക് നേരത്തെതന്നെ ബന്ധമുള്ളതാണ്. അദ്ദേഹത്തിന്റെ പിതാവ് റബ്വയിൽ വരുമ്പോൾ ഞങ്ങളുടെ പിതാവുമായി എപ്പോഴും കൂടിക്കാഴ്ച നടത്തും. ജമാഅത്തിന്റെ കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടുള്ള സുദീർഘമായ സദസ്സ് തന്നെ അദ്ദേഹത്തോടൊപ്പം ഞങ്ങളുടെ വീട്ടിൽ ഉണ്ടാകാറുണ്ടായിരുന്നു. അബ്ദുർ റഹ്മാൻ സിദ്ദീഖി എന്നതാണ് അദ്ദേഹത്തിന്റെ പിതാവിന്റെ പേര്. അദ്ദേഹത്തിനും ജമാഅത്തിനോടും ഖിലാഫത്തിനോടും വളരെ ആഴത്തിലുള്ള ബന്ധമായിരുന്നു. അദ്ദേഹത്തിന് ഖിലാഫത്തിനോടുള്ള സ്നേഹത്തെകുറിച്ച് ഒരു സംഭവം ഞാൻ പറയാം. അദ്ദേഹം മീർപൂർഖാസിൽ 40 വർഷം അമീറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാക്കിസ്ഥാൻ ഉണ്ടായതിനുശേഷം അദ്ദേഹം പാക്കിസ്ഥാനിൽ വന്ന് താമസമാരംഭിച്ചു. അബ്ദുർറഹ്മാൻ സിദ്ദീഖി സാഹിബ് തന്റെ ഭാവികാര്യത്തെകുറിച്ച് ആരായാൻ ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ അടുത്ത് ചെന്നു. ഖലീഫത്തുൽ മസീഹ് സാനി(റ) അദ്ദേഹത്തോട് പറഞ്ഞു. 'താങ്കൾ മീർപൂർ ഖാസ് സിന്ധിലേക്ക് പോകുക. അവിടെ താമസിക്കുക.' ഇത് കേട്ടപ്പോൾ ഒന്നും പറയാതെ അദ്ദേഹം അവിടെപോയി താമസമാരംഭിച്ചു. അവിടെ വളരെ ആത്മാർത്ഥയോടുകൂടി ജമാഅത്തീ പ്രവർത്തനങ്ങളിൽ നിരതനായി.

ഇപ്പോൾ ശഹീദായ ഡോക്ടർ മന്നാൻ സിദ്ദീഖി സാഹിബ്, ഇദ്ദേഹം തന്റെ പിതാവിന്റെ ഏകമകനാണ്. വിവാഹത്തിന് പതിനൊന്ന് വർഷത്തിന് ശേഷമാണ് ഈ കുട്ടി ജനിച്ചത്. സിന്ധ് മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ് ബിരുദം കരസ്ഥമാക്കി. 1988 ൽ അമേരിക്കയിലേക്ക് പോയി അൽട്രാസോണിക്ക് ട്രെനിങ്ങ് കരസ്ഥമാക്കി. പിന്നീട് ഇന്റേർണൽ മെഡിസിനിൽ ബിരുദാനന്തര ബിരുദം എടുത്തു. അമേരിക്കൻ ബോർഡ് ഓഫ് ഇന്റർനൽ മെഡിസിനിൽ നിന്ന് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. വിദ്യാഭ്യാസത്തിനുശേഷം അമേരിക്കയിൽ സ്ഥിരതാമസമാക്കാൻ അദ്ദേഹം തീരുമാനിച്ചു. എന്നാൽ തന്റെ മകൻ അമേരിക്കയിൽ സ്ഥിരതാമസത്തിന്നൊരുങ്ങു

ന്നുവെന്നറിഞ്ഞ പിതാവ് മകന് ഇപ്രകാരം കത്തെഴുതി. ഈ (മീർപൂർഖാസ്) പ്രദേശവാസികളെ സേവിക്കുവാനാണ് ഞാൻ നിന്നെ മെഡിക്കൽ കോഴ്സ് പഠിപ്പിച്ചത്. ഇവിടെ എന്നെ മുസ്‌ലിഹ് മൗഊദ്(റ) അയച്ചുകൊണ്ട് നീ അവിടെപോയി സേവനം ചെയ്യണം എന്ന് കൽപിച്ചിരുന്നു. അതുകൊണ്ട് ഈ പാവങ്ങളെ സഹായിക്കുവാനും അവർക്ക് സേവനം ചെയ്യുമാനുമാണ് ഞാൻ താങ്കളെ തയ്യാറാക്കിയത്. താങ്കൾ ഇവിടെ സേവനം ചെയ്യണമെന്നാണ് എന്റെ ആഗ്രഹം.

പിതാവിന്റെ ഈ ആഗ്രഹം പൂർത്തിയാക്കുന്നതിനായി അദ്ദേഹം അമേരിക്കയോട് വിടപറഞ്ഞ് മീർപൂർഖാസിലേക്ക് വന്നു. ഡോക്ടർ മന്നാൻ സിദ്ദീഖി സാഹിബിന്റെ മാതൃപിതാവ് ഡോക്ടർ ഹശ്മത്തുല്ലാഹ് ഖാൻ സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സ്വഹാബിയായിരുന്നു. ഡോക്ടർ മന്നാൻ സാഹിബിന്റെ മാതാവ് ഇപ്പോൾ ജീവിച്ചിരിപ്പുണ്ട്. വളരെ നല്ല ഒരു സ്ത്രീയാണവർ. സ്വാത്വികയും ദുആ ചെയ്യുകയും ചെയ്യുന്നവരാണവർ. 37 വർഷം മീർപൂർഖാസിൽ സദർ ലജ്നയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ലജ്നകളുടെ തർബിയ്യത്ത് കാര്യത്തിൽ വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. വാർദ്ധക്യാവസ്ഥയിലും രോഗിയുമൊക്കെയായിരുന്നിട്ടും തന്റെ മകന്റെ ശഹാദത്ത് വാർത്ത മന:ക്കരുത്തോടെ അവർ കേൾക്കുകയും ക്ഷമ കൈകൊള്ളുകയും ചെയ്തു. വൃദ്ധയായ ഈ മാതാവിന് ഈ വാർത്ത വലിയ ആഘാതം ഏൽപിക്കുന്നതു തന്നെയാണ്. അവർക്ക് ഭാവിയിലും ക്ഷമ കൈകൊള്ളാൻ ഭാഗ്യം കിട്ടാൻ വേണ്ടി നിങ്ങൾ ദുആ ചെയ്യുക.

ഡോക്ടർ മന്നാൻ സിദ്ദിഖി സാഹിബിന് ജമാഅത്തിന്റെ പല വകുപ്പുകളിലും സേവനം ചെയ്യാനുള്ള ഭാഗ്യം കിട്ടിയിട്ടുണ്ട്. 1995 മുതൽ മരിക്കുന്നത് വരെ 13 വർഷം മീർപൂർഖാസിലെ അമീറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇതുകൂടാതെ സെക്രട്ടറി ഉമൂറെ ആമ, ഖാഇദ് ഇലാഖ, നിഗ്റാൻ സുബാസിന്ദ് (ഖുദ്ദാമുൽ അഹ്മദിയ്യാ) എന്നീ വകുപ്പുകളിലും സേവനങ്ങളനുഷ്ഠിച്ചിട്ടുണ്ട്. 98 ൽ പിതാവിന്റെ മരണശേഷം ആശുപത്രിയുടെ പൂർണ്ണ ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുത്തു. അത് ചെറിയൊരു ക്ലിനിക്കായിരുന്നു. അദ്ദേഹം അതിനെ നല്ല ഒരാശുപത്രിയാക്കി മാറ്റി. എല്ലാ സൗകര്യങ്ങളും ഇപ്പോൾ അതിൽ ലഭ്യമാണ്. നാഗർ പാലിക എന്ന വളരെ ദൂരെയുള്ള ഹിന്ദുക്കൾ താമസിക്കുന്ന സ്ഥലത്ത് ഓരോ മാസവും സ്വന്തമായി ഡോക്ടർ സാഹിബ് മെഡിക്കൽ ക്യാമ്പ് നടത്തുകയും അവിടെ പോയി പാവങ്ങൾക്കും ദരിദ്രർക്കും ചികിത്സ എത്തിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ കൈ കൊണ്ട് ആയിരക്കണക്കിന് രോഗികൾ സുഖം പ്രാപിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ശഹാദത്തിൽ അനുശോചിക്കാൻ ദൂരെ ദൂരെ നിന്നും വന്ന പണക്കാരും പാവപ്പെട്ടവരുമായ എല്ലാവരും കരയുകയായിരുന്നു. അല്ലാഹു മസീഹ് മൗഊദ്(അ)ന്റെ ഈ ശിഷ്യന്റെ കരങ്ങളിൽ ശിഫാ വെച്ചിരുന്നു. മീർപൂർഖാസിൽ മാത്രമല്ല, സിന്ധ് ജില്ലയിൽ മുഴുവനും ഇദ്ദേഹം പ്രസിദ്ധനായിരുന്നു. യുവത്വത്തിൽ തന്നെ സൽപേര് കരസ്ഥമാക്കിക്കഴിഞ്ഞിരുന്നു. അഹ്മദികളിലും അനഹ്മദികളിലും സ്വീകാര്യനും ഏവർക്കും പ്രിയങ്കരനുമായിരുന്നു.

ഇദ്ദേഹത്തിന് തബ്‌ലീഗിന് വളരെ ആവേശമായിരുന്നു. പലപ്പോഴും പലരേയും കേന്ദ്രത്തിലും കൊണ്ടുവരാറുണ്ടായിരുന്നു. ദഅ്‌വത്തെ ഇലല്ലാഹ് പരിപാടികൾ ഉണ്ടാകുമ്പോഴൊക്കെ അതിന് പുറപ്പെടുന്നതിന് മുമ്പേ ദുആക്ക് വേണ്ടി എനിക്ക് എഴുതാറുണ്ടായിരുന്നു എന്നത് അഞ്ചു വർഷത്തെ എന്റെ അനുഭവമാണ്. അല്ലാഹു അതിന് വിജയവും നൽകാറുണ്ടായിരുന്നു. ഇദ്ദേഹത്തോട് ശത്രുതക്കുള്ള ഒരു കാരണം ഇദ്ദേഹം ദഅ്‌വത്തെ ഇലല്ലാഹ് ചെയ്തിരുന്നു എന്നതാണ്. കാരണം ഏതവസ്ഥയിലും അദ്ദേഹം തബ്‌ലീഗ് ചെയ്യുമായിരുന്നു. അദ്ദേഹം പാവങ്ങൾക്കും കൃഷിക്കാർക്കും എല്ലാം തബ്‌ലീഗ് ചെയ്തിരുന്നു. അദ്ദേഹത്തെ നശിപ്പിച്ച് കൊണ്ട് ശത്രുക്കൾ തബ്‌ലീഗിന്റെ ഒരു മാർഗം അടയ്ക്കാനാണ് ആഗ്രഹിച്ചത്. എന്നാൽ ഡോക്ടർ അബ്ദുൾ മന്നാൻ അല്ലാഹുവിന്റെ മാർഗത്തിൽ മരണം വരിച്ചുകൊണ്ട് തന്നെപ്പോലുള്ള പല മന്നാൻമാരെയും സൃഷ്ടിക്കും എന്ന കാര്യം ഈ വിഢികളായ ശത്രുക്കൾ മനസ്സിലാക്കുന്നില്ല.

അമത്തുശ്ശാഫി സാഹിബയെയാണ് ഡോക്ടർ സാഹിബ് വിവാഹം കഴിച്ചത്. അവർ അമേരിക്കൻ പൗരയാണ്. ഇവർക്ക് 18 വയസ്സുള്ള മകൾ ഉണ്ട്. എഫ്. എസ്. സി. ചെയ്തിട്ടുണ്ട്. 13 വയസ്സുള്ള ഒരു മക

നുമുണ്ട്. ഇവർ ഇപ്പോൾ മീർപൂർഖാസിലെ സദർ ലജ്നയാണ്. മിഠിയിലുള്ള വഖ്ഫ് ജദീദിന്റെ ആശുപത്രിയിലും ഡോക്ടർ സാഹിബ് സേവനം ചെയ്തിട്ടുണ്ട്. മനുഷ്യരാശിയെ സേവിക്കാനായി സ്ഥാപിച്ചിട്ടുള്ള അന്നൂർ സൊസൈറ്റിയിലെ മെമ്പറുമായിരുന്നു അദ്ദേഹം. മൻസൂബ ബന്ദി കമ്മിറ്റി മെമ്പറും മജ്ലിസ് തഹ്‌രീഖ് ജദീദിലെ റുക്‌നും ആയിരുന്നു. ഇദ്ദേഹത്തിന്റെ മാതൃപിതാവായ ഡോക്ടർ ഹശ്മത്തുല്ലാഹ് സാഹിബ് - ഖലീഫത്തുൽ മസീഹ് സാനിയുടെ കുടുംബ ഡോക്ടർ - മായും ഞങ്ങൾക്ക് പ്രത്യേകമായ സൗഹൃദം ഉണ്ടായിരുന്നു. ഇവരുടെ കുടുംബവുമായി ഞങ്ങൾക്ക് കുടുംബ ബന്ധമായിരുന്നു.

ഡോക്ടർ മന്നാൻ സാഹിബിന്റെ മുഖത്ത് ഭയം എന്നൊന്ന് പ്രകടമാകാറില്ല. മീർപൂർഖാസും സിന്ധ് ഒന്നടങ്കവും കുറേ വർഷമായി മൗലവിമാർ ടാർഗറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നിട്ടും വളരെ നല്ല രീതിയിൽ അദ്ദേഹം ജമാഅത്തിനെ മുന്നോട്ട് നയിച്ചു. മാത്രമല്ല തന്റെ ബന്ധങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് അടുത്ത ജില്ലകളിലുള്ള ജമാഅത്തുകളെ സഹായിക്കുകയും ചെയ്തിരുന്നു. അദ്ദേഹം തന്റെ വ്യക്തി ബന്ധങ്ങളെ തന്റെ വ്യക്തിപരമായ ആവശ്യത്തിനായി ഒരിക്കലും ഉപയോഗപ്പെടുത്തിയിരുന്നില്ല. എല്ലാം ജമാഅത്തിന് വേണ്ടിയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. ആര് സഹായത്തിനായി ക്ഷണിച്ചാലും പകലെന്നോ രാത്രിയെന്നോ നോക്കാതെ പുഞ്ചിരിച്ചുകൊണ്ട് അവരെ സഹായിക്കാൻ ഇറങ്ങിച്ചെല്ലുമായിരുന്നു. എപ്പോഴും അദ്ദേഹത്തിന്റെ മുഖത്ത് പുഞ്ചിരി പ്രകടമായിരുന്നു. ഇത് പലരും പറഞ്ഞിട്ടുള്ളതാണ്. വളരെയധികം വിനയാന്വിതനായിരുന്നു. ഞാൻ അമേരിക്കയിൽ പഠിച്ചവനാണെന്നോ, ആശുപത്രിയുടെ ഉടമസ്ഥനാണെന്നോ അമീറാണെന്നോ കേന്ദ്രകമ്മിറ്റികളുടെ മെമ്പറാണെന്നോ ഉള്ള ഒരു പൊങ്ങച്ചവും ഒരിക്കലും പ്രകടിപ്പിച്ചിരുന്നില്ല. സാധാരണ അമീർമാർ ദഅ്‌വത്തെ ഇലല്ലാഹ് ക്യാമ്പുകളിലോ മറ്റോ നേരിട്ട് പങ്കെടുക്കാറില്ല. എന്നാൽ ഡോക്ടർ സാഹിബിന് ജമാഅത്തിന്റെ മറ്റു ജോലികൾ ഇല്ലെങ്കിൽ ഇങ്ങിനെയുള്ള ക്യാമ്പുകളിൽ സ്വയം പങ്കെടുക്കുമായിരുന്നു. ഒരാൾ അദ്ദേഹത്തെ കുറിച്ച് എന്നോട് പറഞ്ഞത്, അദ്ദേഹം യഥാർത്ഥത്തിൽ സിന്ധിലെ ദാഇൗനെ ഇലല്ലായുടെ അമീറാണെന്നാണ്. ഇത് തികച്ചും യാഥാർത്ഥ്യമാണ്. സാധുസംരക്ഷണത്തിലും വളരെ മുൻപന്തിയിലായിരുന്നു. അവരെ ചികിത്സിക്കുന്നതു കൂടാതെ അവർക്ക് ധനസഹായ വും നൽകുമായിരുന്നു. മരണാനന്തരം വലിയവർ മാത്രമല്ല പാവപ്പെട്ട സാധുക്കളായിട്ടുള്ളവരും വളരെ വൈകാരികമായാണ് ഡോക്ടർ സാഹിബിനെ അനുസ്മരിച്ചത്. ഖിലാഫത്തിനോട് ആത്മാർത്ഥതമായ കൂറും സ്നേഹവുമായിരുന്നു. അടിമുടി ഖിലാഫത്തിന്റെ ഫിദാഇ ആയിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ ഉത്തമ കൂട്ടുകാരിൽ ഒരാളുമായിരുന്നു. ഞാൻ വല്ല റിപ്പോർട്ടും ആവശ്യപ്പെട്ടാൽ അദ്ദേഹം ഒരിക്കലും അതിൽ അനീതി കാണിക്കുമെന്നോ തഖ്‌വയിൽ നിന്ന് വിട്ടുകൊണ്ടുള്ള വല്ല കാര്യവും ഉൾപ്പെടുത്തുമെന്നോ ഞാൻ ഒരിക്കലും ചിന്തിച്ചിട്ടു പോലുമില്ല. അത്രമാത്രം ഞാൻ അദ്ദേഹത്തിൽ വിശ്വാസം അർപ്പിച്ചിരുന്നു. മുത്തഖിയായിരുന്നു. പലപ്പോഴായി ഭീഷണികൾ ലഭിച്ചിരുന്നുവെങ്കിലും അദ്ദേഹം തന്റെ പ്രവർത്തനത്തിൽ നിമഗ്നനായിരുന്നു. ഇതിനെക്കുറിച്ച് ഓർമപ്പെടുത്തിയാൽ തന്നെ അത് ചിരിച്ച് തള്ളുകയും വരുന്നിടത്തുവെച്ച് കാണാം എന്ന് പറഞ്ഞ് പ്രതികരിക്കുകയും ചെയ്യുമായിരുന്നു. ജമാഅത്തിന്റെ ഒരുത്തമ ഉദ്യോഗസ്ഥനായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ശഹാദത്ത് വരിച്ചുകൊണ്ട് അദ്ദേഹം പദവികരസ്ഥമാക്കിക്കഴിഞ്ഞെങ്കിലും ആ പദവികളിൽ അല്ലാഹു വീണ്ടും വീണ്ടും ഉന്നമനം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

അദ്ദേഹത്തിന്റെ ഭാര്യക്കും അല്ലാഹു സഹനവും മനക്കരുത്തും നൽകുമാറാകട്ടെ. അവർ തന്റെ ഭർത്താവിന്റെ മരണവാർത്ത മനക്കരുത്തോടെ കേൾക്കുകയും സഹനത്തിന്റെ ഉത്തമ മാതൃക കാണിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ ഭർതൃ ഗൃഹത്തിലുള്ളവരേയും തന്റെ മക്കളേയും അവർ ഉന്നതമായരീതിയിൽ നിയന്ത്രിച്ചു. അമേരിക്കയിൽ ജനിച്ചുവളർന്നവരായിട്ടുകൂടി തന്റെ ഭർത്താവിനോട് പൂർണ്ണ അനുസരണം പുലർത്തുകയുണ്ടായി. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അവർ ഒരിക്കലും ഒരു തടസ്സവും നിന്നിട്ടില്ല. മറിച്ച് സേവന നിരതയാവുകയാണ് ചെയ്തത്. അല്ലാഹു അവർക്ക് ദീർഘായുസ്സ് നൽകിക്കൊണ്ട് കുട്ടികളുടെ സന്തോഷ സുദിനങ്ങൾ കാണിക്കുമാ

റാകട്ടെ.

ഡോക്ടർ സാഹിബിന്റെ മരണത്തോടനുബ ന്ധിച്ച് വിവിധ മേഖലകളിലുള്ള അഹ്മദികളും അനഹ്മദികളുമായവർ അനുശോചന സന്ദേശങ്ങൾ അയക്കുകയുണ്ടായി. അതിൽ ചിലത് ഞാൻ കേൾപ്പി ക്കാം. എം.ക്യു.എം. ന്റെ ലീഡർ അൽതാഫ് ഹുസൈൻ സാഹിബ് (ലണ്ടൻ) പറയുന്നു. ഡോക്ടർ അബ്ദുൽ മന്നാൻ സാഹിബിന്റെ മരണം മീർപൂർഖാ സിലുള്ളവർക്ക് ഒരു തീരാ നഷ്ടമാണ്. ഭാഷയുടെ യോ, വർഗ്ഗത്തിന്റെയോ, വിശ്വാസത്തിന്റെയോ, മത ത്തിന്റെയോ വിത്യാസങ്ങളില്ലാതെ ആയിരക്കണക്കിന് രോഗികളെ ശുശ്രൂഷിക്കുകയും അവർക്ക് വേണ്ട എല്ലാ ഒത്താശകളും ചെയ്തു കൊടുക്കുകയും ചെയ്ത ഡോക്ടർ സാഹിബിനെ വധിച്ചുകൊണ്ട് ഘാതകർ തങ്ങൾ മുസ്ലിംങ്ങളോ മനുഷ്യവർഗത്തിൽ പെട്ടവരോ അല്ലെന്ന് തെളിയിച്ചിരിക്കുകയാണ്. ഡോക്ടർ അബ്ദുൾ മന്നാൻ സാഹിബിന്റെ നിന്ദ്യ മായ വധത്തെ ശക്തമായ ഭാഷയിൽ അപലപിച്ചു കൊണ്ട് ഈ വധം സിന്ധിൽ വളർന്നുവരുന്ന മത തീവ്രവാദത്തിന്റെ തുടർകഥയാണ് എന്നദ്ദേഹം കൂട്ടി ച്ചേർത്തു.

പാക്കിസ്ഥാൻ മെഡിക്കൽ അസോസിയേ ഷൻ മീർപൂർഖാസിലെ പ്രസിഡന്റ് ഇപ്രകാരം പറ യുന്നു. 'ഡോക്ടർ മന്നാന്റെ വധം മനുഷ്യത്വത്തിന്റെ വധമാണ്.' ഖുർആന്റെ പണ്ഡിതരാണ് ഞങ്ങളെന്ന് വീമ്പിളക്കുന്ന നാമധാരികളായ മുല്ലാക്കന്മാർക്ക് ഇക്കാര്യം മനസ്സിലായിട്ടില്ല. വിശുദ്ധ ഖുർആൻ പറ യുന്നത് ആരെയും വധിക്കാത്ത, ഒരു കുഴപ്പവുമുണ്ടാ ക്കാത്ത വ്യക്തിയെ വധിക്കുന്നത് മനുഷ്യകുലത്തെ ആകമാനം വധിക്കുന്നതിന് തുല്യമാണെന്നാണ്. മനു ഷ്യരെ എപ്പോഴും സേവിക്കുന്ന ഒരു ഉത്തമ വ്യക്തി ത്വമായിരുന്നു ഡോക്ടർ സാഹിബ്.

ഡോക്ടർമാരുടെ ഒരു സംഘം ഇപ്രകാരം എഴുതുന്നു. "ഡോക്ടർ മന്നാൻ സാഹിബ് ഞങ്ങളുടെ അടുത്ത സുഹൃത്തായിരുന്നു. അദ്ദേഹം വലിയൊ രാളായിരുന്നു. അദ്ദേഹത്തിന്റെ നഷ്ടം മുഴുവൻ സമൂ ഹത്തിന്റെയും നഷ്ടമാണ്. അദ്ദേഹം ഒരു മാലാഖ യായിരുന്നു. ഇങ്ങിനെയുള്ള വ്യക്തികൾ ലോകത്ത് വല്ലപ്പോഴേ ജനിക്കാറുള്ളു." ജീവിതത്തിന്റെ വിവിധ മേഖലകളിലുള്ളവർ പറഞ്ഞത് ഈ നഷ്ടം നിങ്ങളുടെ ജമാഅത്തിന് മാത്രമുള്ള നഷ്ടമല്ല, മറിച്ച് ഞങ്ങൾക്കെ ല്ലാവർക്കുമുള്ള വൻ നഷ്ടമാണെന്നാണ്. സാമൂഹ്യ പ്രവർത്തകരിൽ ചിലർ പറഞ്ഞത് അദ്ദേഹം പാവ ങ്ങളുടെ സംരക്ഷകനും അഗതികളുടെ ആശ്രയവും ആയിരുന്നു എന്നാണ്. അദ്ദേഹത്തിന്റെ പുഞ്ചിരി ഹൃദ യങ്ങളെ കീഴ്പ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ സ്വഭാ വമഹിമ വിവരണാതീതമാണ്. വക്കീൽമാരുടെ ഒരു സംഘം ഇപ്രകാരം പ്രസ്താവിച്ചു. മീർപൂർഖാസിന് ഒരു ഉത്തമ ഡോക്ടറേയും ഒരു മനുഷ്യസ്നേഹിയേ യുമാണ് നഷ്ടമായത്. വലിയ അക്രമമാണ് ഈ ചെയ്യ പ്പെട്ടത്. നവാഗതരായ അഹ്മദികൾ പറയുന്നു. അദ്ദേഹത്തിന്റെ മരണം മൂലം ഞങ്ങളെല്ലാം യത്തീ മായി മാറിയിരിക്കുന്നു. ഹോസ്പിറ്റൽ സ്റ്റാഫ് പറയു കയാണ്. ദരിദ്രരെ സംരക്ഷിക്കുന്നവരും അവരോട് സഹാനുഭൂതി പ്രകടിപ്പിക്കുന്ന വ്യക്തിയുമായിരുന്നു. ഞങ്ങളെ മക്കളെപ്പോലെ നോക്കിയിരുന്നു. സർക്കാർ ഓഫീസർമാർ പറഞ്ഞത് അദ്ദേഹവുമായി തങ്ങൾക്ക് വ്യക്തിപരമായ ബന്ധമുണ്ടായിരുന്നെന്നും ഒരു വലിയ മനുഷ്യനായിരുന്നുവെന്നുമാണ്. ഒരു രാഷ്ട്രീയ നേതാവ് പറഞ്ഞത് ഇത് ഡോക്ടർ മന്നാന്റെ വധമല്ല നടന്നിരിക്കുന്നത് മീർപൂർ ഖാസിനെ ഒന്നടങ്കം വധി ച്ചിരിക്കുകയാണ് എന്നാണ്.

സേട്ട് മുഹമ്മദ് യൂസുഫ് സാഹിബാണ് രണ്ടാ മത്തെ ശഹീദ്. നവാബ്ശാ ജില്ലയിലെ അമീറായിരുന്നു അദ്ദേഹം. ഉന്നതവിദ്യാഭ്യാസമൊന്നും കരസ്ഥമാക്കി യിട്ടില്ലെങ്കിലും വളരെ ആത്മാർത്ഥതയോടുകൂടി ജമാ അത്തിന് വേണ്ടി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്നു. 1956ൽ നവാബ്ശാഇൽ വന്ന് താമസമാരംഭിച്ചു. 1962ൽ നവാബ് ശാഇലെ പ്രസിഡന്റായി. അദ്ദേഹം പ്രസി ഡന്റായിരിക്കുമ്പോഴാണ് മഹ്മൂദ് ഹാൾ നിർമ്മിച്ചത്. ഖലീഫത്തുൽ മസീഹ് സാലിസാണ് അതിന്റെ പേര് മഹ്മൂദ് ഹാൾ എന്ന് വെച്ചത്. രണ്ട് വർഷം ജില്ലാ ഖാഇദായി സേവനമനുഷ്ടിച്ചിട്ടുണ്ട്. 14 വർഷം ഖാഇദ് ഇലാഖയായി സേവനമനുഷ്ടിച്ചു. 1993 ൽ നവാസ് ശാഇലെ ജില്ലാ അമീറായി നിയമിക്കപ്പെട്ടു. മരണസമ യത്തും ഇതേ സ്ഥാനത്തായിരുന്നു. അതിഥി സൽക്കാ രപ്രിയനും സൗഹൃദം നിലനിർത്തുന്ന ആളും സൃഷ്ടി സേവനം ചെയ്യുന്ന വ്യക്തിയും ദരിദ്രരെ പ്രത്യേകം പരിഗണിക്കുന്ന വ്യക്തിയും തന്റെ ഉത്തരവാദിത്വങ്ങൾ

ശരിയ്ക്കും നിറവേറ്റുന്ന ആളും ജനപ്രിയനുമായിരുന്നു. എപ്പോഴും സലാം പറയുന്നതിൽ മുമ്പനായിരുന്നു. ആരുടെയും ഹൃദയം വേദനിപ്പിക്കാതെ നോക്കിയിരുന്നു. ജീവിതം വഖ്ഫ് ചെയ്തവരെ പ്രത്യേകമായി പരിഗണിക്കുന്നതിലും അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിലും അദ്ദേഹത്തിന് പ്രത്യേകമായ ശ്രദ്ധയുണ്ടായിരുന്നു. അദ്ദേഹം മൂസി ആയിരുന്നു. ഐവാനെ താഹിർ എന്ന പേരിൽ നവാബ് ശാഇൽ വലിയ ഒരു കെട്ടിടവും പള്ളിയും ഈ അടുത്ത കാലത്ത് പണികഴിപ്പിച്ചിട്ടുണ്ട്. ഹൃദ്രോഗിയായിരുന്നിട്ടും നല്ലതുപോലെ അധ്വാനിക്കുമായിരുന്നു. അദ്ദേഹത്തിന്റെ താമസം വീടിന്റെ രണ്ടാം നിലയിലായിരുന്നു. ഡോക്ടർ സാഹിബ് കോണിപ്പടി ഇറങ്ങരുതെന്ന് വിലക്കിയിരുന്നു. എന്നാൽ അവിടെ ഇരുന്ന് ജമാഅത്തിന്റെ ജോലി എങ്ങിനെ ചെയ്യാൻ സാധിക്കും. അൽപം ദൂരെയുള്ള പള്ളിയിൽ പോകാനും പറ്റില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം ഒരു കസേരയിൽ കയറ് കെട്ടി അതിൽ ഇരുന്ന് വേലക്കാരോട് മുകളിൽ കയറ്റാനും താഴെ ഇറക്കാനും കൽപിക്കുമായിരുന്നു. അവിടെ ഇവിടത്തേതുപോലുള്ള ഇലക്ട്രോണിക്ക് കസേരകളൊന്നും ലഭ്യമല്ല. ഈ രീതിയിൽ അദ്ദേഹം ജമാഅത്ത് പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഇവരാണ് ജമാഅത്തിന് വേണ്ടി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ.

ഓരോ ശഹീദും ഇവിടെനിന്ന് പോകുമ്പോൾ ഞാൻ മരിച്ചിട്ടില്ലെന്നും ജീവിച്ചിരിക്കുന്നവനാണെന്നും ജമാഅത്തുമായും ഹദ്റത്ത് മസീഹ് മൗഊദ് (അ) യുമായും അല്ലാഹുവുമായുമുള്ള നിങ്ങളുടെ സുദൃഢ ബന്ധമാണ് നിങ്ങൾക്ക് നിത്യജീവൻ നൽകുന്നത് എന്നകാര്യം നിങ്ങൾ എപ്പോഴും ഓർക്കണമെന്നുമുള്ള സന്ദേശം നൽകിക്കൊണ്ടാണ് നമ്മെ വിട്ട് പിരിയുന്നത്. ഇദ്ദേഹത്തിന് ഭാര്യയും മക്കളുമുണ്ട്. അല്ലാഹു ഇദ്ദേഹത്തിന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

ഈ രണ്ട് ശഹാദത്തുകൾ കൂടാതെ ഗുരുതരാവസ്ഥയിൽ കഴിയുന്ന രണ്ട് പേർക്ക് വേണ്ടിയും ദുആക്ക് അപേക്ഷിക്കുന്നു. ഒന്ന് ശൈഖ് സഊദ് അഹ്മദ് സാഹിബാണ്. ആദ്യ റമദാനിലോ റമദാന് തൊട്ട് മുമ്പിലത്തെ ദിവസമോ കറാച്ചിയിൽ തന്റെ കടയിൽ ഇരിക്കുമ്പോൾ ഇദ്ദേഹത്തിനു നേരെ നിറയൊഴിക്കുകയുണ്ടായി. വെടിയേറ്റ് സാരമായ പരിക്കു പറ്റിയിട്ടുണ്ട്. രണ്ടാമത്തെ വ്യക്തി ഡോക്ടർ മന്നാൻ സാഹിബിന്റെ ഗാർഡ് ആരിഫ് സാഹിബാണ്. ഇദ്ദേഹവും അപകടാവസ്ഥയിലാണ്. അല്ലാഹു ഫള്ൽ നൽകുമാറാകട്ടെ. ഇവർക്ക് ഇരുവർക്കും അല്ലാഹു സൗഖ്യം നൽകുമാറാകട്ടെ.

റമദാനിൽ നാമധാരികളായ മുസ്ലിം സംഘങ്ങൾ ഒന്നുകൂടെ തീവ്രമാകുകയാണ് ചെയ്യുന്നത്. എന്നാൽ അല്ലാഹു അങ്ങനെയുള്ളവരുടെ പര്യവസാനം എന്താണ് നിർണ്ണയിച്ചിട്ടുള്ളതെന്ന് ഇവർക്കറിയില്ല. അല്ലാഹു നമ്മേയും സമൂഹത്തേയും മനുഷ്യത്വത്തിന്റെ ശത്രുക്കളായ ഇവരിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. ഈ ദിനങ്ങളിൽ കൂടുതലായി ദുആ ചെയ്യുക. അല്ലാഹു എല്ലാവരെയും തന്റെ സംരക്ഷണത്തിൽ നിലനിർത്തുമാറാകട്ടെ.

---

**വിവർത്തനം** : മൗലവി നാസിർ അഹ്മദ്
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 12 - 09 - 2008 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**